"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ചെർപ്പുളശ്ശേരി നഗരസഭയിൽ ഹഡ്കോ വായ്പയിൽ മിച്ചമുള്ള തുക ഉപയോഗിച്ച് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2544/2025/LSGD തീയതി,തിരുവനന്തപുരം, 21-10-2025

---

പരാമർശം:-
1. ചെർപ്പുളശ്ശേരി നഗരസഭ ചെയർമാന്റെ 21.05.2025 ലെ P3-7945/22, 21.07.2025 ലെ 766593/2024 എന്നീ നമ്പർ കത്തുകൾ
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം ഖണ്ഡിക നം. 4.7

**ഉത്തരവ്**

ചെർപ്പുളശ്ശേരി നഗരസഭ PMAY- LIFE ഭവന പദ്ധതി പ്രകാരം 9 DPR കളിലായി 969 ഭവന നിർമ്മാണം ഏറ്റെടുത്തതിൽ 755 എണ്ണം പൂർത്തിയായി. മറ്റുള്ളവ പൂർത്തീകരണ ഘട്ടത്തിലാണ്. ഹഡ്കോ ലോണായി 2.28 കോടി രൂപ ലഭിച്ചുവെങ്കിലും ടി തുക ലഭിക്കാൻ കാലതാമസം നേരിട്ടതിനാൽ നഗരസഭയുടെ വാർഷിക പദ്ധതിയിൽ തുക വകയിരുത്തി ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി. ടി വായ്പ തുകയിൽ 1.50 കോടി രൂപ ബാക്കിയുണ്ട്. PMAY(Urban), LIFE എന്നീ ഭവനപദ്ധതിയിലെ വിവിധ DPR കളിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുമായി നഗരസഭ കരാറിൽ എർപ്പെട്ടിട്ടുണ്ട്. ആയതിനാൽ വായ്പ തുകയിൽ ബാക്കിയുള്ള 1.50 കോടി രൂപയും തനത് ഫണ്ടിൽ നിന്ന് 10.00 ലക്ഷം രൂപയും (ആകെ 1.60 കോടി രൂപ) വകയിരുത്തി നഗരസഭ നേരിട്ട് പുതുതായി 40വീടുകൾ നിർമ്മിച്ച് നൽകുന്നതിന് ധനസഹായം നൽകാൻ അനുമതിയ്ക്കായി പരാമർശം 1 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ

അതിദരിദ്ര കുടുംബത്തിന് മുൻഗണന നൽകേണ്ടതാണെന്നും അർഹതാ മാനദണ്ഡം അനുസരിച്ച വേണം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതെന്നും ഈ കുടുംബങ്ങളേയും ലൈഫ് ടാർജറ്റിൽ ഉൾപ്പെടുത്തണമെന്നുമുള്ള നിബന്ധനയോടെ, PMAY(Urban) യുടെ DPR പ്രകാരമുള്ള ലിസ്റ്റിലും ലൈഫ് ലിസ്റ്റിലുമുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും വീട്ടു നൽകാൻ മതിയായ തുക മാറ്റി വച്ചിട്ടുണ്ടെന്നുറപ്പാക്കിക്കൊണ്ട്, ചെർപ്പുളശ്ശേരി നഗരസഭയിൽ ഹഡ്കോ വായ്പയിൽ മിച്ചമുള്ള തുക ഉപയോഗിച്ച്, പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് 40 വീടുകൾ നിർമ്മിച്ചു നൽകാൻ ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം
സെക്രട്ടറി, ചെർപ്പുളശ്ശേരി നഗരസഭ
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 22-10-2025 09:48:55
സെക്ഷൻ ഓഫീസർ